**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 447** **23-07-2021 - ൽ മറുപടിയ്ക്ക്**

**മഞ്ചേശ്വരം പഞ്ചായത്തിലെ റോഡിന് അനുമതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എ കെ എം അഷ്റഫ് | | Shri. A. K. Saseendran<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | മഞ്ചേശ്വരം മണ്ഡലത്തിലെ മഞ്ചേശ്വരം പഞ്ചായത്തിൽ സാമൂഹ്യ വനവൽക്കരണ വിഭാഗത്തിന്റെ കീഴിലുള്ള ഭൂമിയിലൂടെ കടന്ന് പോകുന്ന 50 കുടുംബങ്ങൾക്കുള്ള റോഡ് ഗതാഗത യോഗ്യമല്ലെന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) | കാസർഗോഡ് റെയിഞ്ചിന്റെ കീഴിൽ മഞ്ചേശ്വരം പഞ്ചായത്തിൽ സെക്ഷൻ 4 നോട്ടിഫിക്കേഷൻ വന്നിട്ടുള്ള ഉദ്യാവാറിൽ 4 റോഡുകൾ കടന്നു പോകുന്നുണ്ട്. ടി നാലു മൺ റോഡുകളും വാഹനങ്ങൾ കടന്നു പോകുന്ന തരത്തിൽ ഗതാഗതയോഗ്യമാണ്. |
| (ബി) | പ്രസ്തുത റോഡ് എം.എൽ.എ. ഫണ്ട് ഉപയോഗിച്ച് കോൺക്രീറ്റ് ചെയ്ത് ഗതാഗതയോഗ്യമാക്കുന്നതിന് വനം വകുപ്പിന്റെ അനുമതി ആവശ്യമുണ്ടോ; എങ്കിൽ ആയതിന് അനുമതി നൽകുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (ബി) | സെക്ഷൻ 4 നോട്ടിഫിക്കേഷൻ വന്നിട്ടുള്ളതും ഫൈനൽ നോട്ടിഫിക്കേഷൻ നടപടികൾ നടന്നുവരുന്നതുമായ മേൽ സ്ഥലത്തുള്ള റോഡുകൾ കോൺക്രീറ്റ് ചെയ്യുന്നതിന് വനം വകുപ്പിന്റെ അനുമതി ആവശ്യമാണ്. വനം വകുപ്പിന്റെ അനുമതിക്കായി മിനിസ്ട്രി ഓഫ് എൻവയോൺമെന്റിന്റെ പരിവേഷ് സൈറ്റിലൂടെ യൂസർ ഏജൻസി അപേക്ഷ സമർപ്പിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ